**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5848** **25-03-2025 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ടെക്സ്റ്റൈഫെഡിന്റെ കീഴിൽ നടുവണ്ണൂർ മന്ദൻകാവിൽ പ്രവർത്തിച്ചുവരുന്ന കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ മെഷിനറികൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ മെഷിനറികളുടെ അറ്റകുറ്റപ്പണികൾ അടക്കമുള്ള ആധുനികവൽക്കരണ പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം 15 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും തുടർന്ന് 10 ലക്ഷം രൂപയ്ക്ക് റിലീസ് അനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സൊസൈറ്റിയ്ക്ക് ധനസഹായം അനുവദിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ഉണ്ട്.<br><br>കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നത് അടക്കമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 21.06.2023 ൽ യോഗം ചേർന്നു. 2022-23 സാമ്പത്തിക വർഷം സംഘത്തിന് ഭരണാനുമതി നൽകിയ 25 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ കൈത്തറി ഡയറക്ടർക്കും, ടെക്സ്റ്റൈഫെഡ് മാനേജിംഗ് ഡയറക്ടർക്കും നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.<br><br>2024-25 സാമ്പത്തിക വർഷം കൈത്തറി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് സംഘത്തിന്റെ ആധുനികവൽക്കരണത്തിന് 15 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും തുടർന്ന് 10 ലക്ഷം രൂപയ്ക്ക് റിലീസ് അനുമതിയും നൽകിയിട്ടുണ്ട്.<br><br>2025-26 സാമ്പത്തിക വർഷം ടെക്സ്റ്റൈഫെഡിനു കീഴിൽ കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം ഉൾപ്പെടെയുള്ള പവർലൂം സംഘങ്ങളുടെ നവീകരണത്തിനായി പങ്കാളിത്തം പങ്കിടൽ പദ്ധതിയ്ക്കു കീഴിൽ 15 ലക്ഷം രൂപയും നവീകരണത്തിനും പുനരുജ്ജീവിപ്പിക്കലിനുമായി 50 ലക്ഷം രൂപ വീതവും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത സംഘത്തിനായി 105 ലക്ഷം രൂപയുടെ പദ്ധതി രേഖ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | ധനസഹായം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്.<br><br>കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നത് അടക്കമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 21.06.2023 ൽ യോഗം ചേർന്നു. 2022-23 സാമ്പത്തിക വർഷം സംഘത്തിന് ഭരണാനുമതി നൽകിയ 25 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുവാൻ കൈത്തറി ഡയറക്ടർക്കും, ടെക്സ്ഫെഡ് മാനേജിംഗ് ഡയറക്ടർക്കും നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.<br><br>2024-25 സാമ്പത്തിക വർഷം കൈത്തറി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് സംഘത്തിന്റെ ആധുനികവൽക്കരണത്തിന് 15 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും തുടർന്ന് 10 ലക്ഷം രൂപയ്ക്ക് റിലീസ് അനുമതിയും നൽകിയിട്ടുണ്ട്.<br><br>2025-26 സാമ്പത്തിക വർഷം ടെക്സ്ഫെഡിനു കീഴിൽ കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം ഉൾപ്പെടെയുള്ള പവർലൂം സംഘങ്ങളുടെ നവീകരണത്തിനായി പങ്കാളിത്തം പങ്കിടൽ പദ്ധതിയ്ക്ക് കീഴിൽ 15 ലക്ഷം രൂപയും നവീകരണത്തിനും പുനരുജ്ജീവിപ്പിക്കലിനുമായി 50 ലക്ഷം രൂപ വീതവും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>പ്രസ്തുത സംഘത്തിനായി 105 ലക്ഷം രൂപയുടെ പദ്ധതി രേഖ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) | 2024-25 സാമ്പത്തിക വർഷത്തിൽ ടെക്സ്ഫെഡിന്റെ കീഴിലുള്ള ഏതൊക്കെ പവർലൂം സൊസൈറ്റികൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | 2024-25 സാമ്പത്തിക വർഷം ടെക്സ്ഫെഡിനു കീഴിലുള്ള നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോട്ടയം ഇന്റഗ്രേറ്റഡ് പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വയനാട് ഹാന്റ്ലൂം പവർലൂം ആന്റ് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയുടെ ആധുനികവൽക്കരണത്തി നായി 5 ലക്ഷം രൂപ വീതം റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. കൂടാതെ കാലിക്കറ്റ് ഇന്റഗ്രേ റ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആധുനികവൽക്കരണത്തിനായി 10 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ